ഉത്തരം

(എ&ബി)2014-15-ൽ മുഖ്യ അടിസ്ഥാന വികസന പദ്ധതികൾക്കായി 1225 കോടി സമാഹൃതഫണ്ടായി വകയിരുത്തുകയുണ്ടായി. ഇതിൽ കൃത്യമായി ഡി.പി.ആർ സമർപ്പിക്കുന്ന പദ്ധതികൾക്കാണ് ഫണ്ട് അനുവദിക്കുന്നത്. അതിൻപ്രകാരം ദേശീയ ഗെയിംസ്, കൊച്ചി മെട്രോ, തലസ്ഥാന നഗര വികസന പദ്ധതി എന്നിവയ്ക്ക് യഥാക്രമം 216, 196, 3.95 കോടി രൂപ വീതം അനുവദിക്കുകയുണ്ടായി. 31.03.2015 വരെയുള്ള താൽക്കാലിക കണക്കുപ്രകാരം കൊച്ചി മെട്രോയ്ക്ക് 247 കോടി രൂപയും ദേശീയ ഗെയിംസിന് 216 കോടി രൂപയും തലസ്ഥാന നഗര വികസന പദ്ധതിക്ക് 26.87 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. കൂടാതെ സ്മാർട്ട്സിറ്റി പദ്ധതി അന്തിമഘട്ടത്തിലാണ്.

ശമ്പള പരിഷ്കരണത്തിന് വകയിരുത്തിയ തുക

122 (3276) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന് മാത്രമായി തന്നാണ്ടിലെ ബഡ്ജറ്റിൽ പണം വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ അത് ഏത് ഹെഡ്ഡിൽ; എത്ര കോടി രൂപ ആണെന്ന് വിശദമാക്കാമോ;

(ബി) ശമ്പള കമ്മീഷന്റെ ശിപാർശ അതേപടി നടപ്പിലാക്കുന്നതിന് കുടിശ്ശിക ഉൾപ്പെടെ നൽകാൻ മൊത്തം എത്ര കോടി രൂപ തന്നാണ്ടിൽ ആവശ്യമായി വരും; ഇത് സംബന്ധമായ കമ്മീഷന്റെ നിഗമനം എന്താണെന്നറിയാമോ; വിശദമാക്കാമോ;

(സി) ജീവനക്കാർക്കും അധ്യാപകർക്കും തന്നാണ്ടിൽ അർഹമായ ഡി.എ. നൽകുന്നതിനും, ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകർ ഉൾപ്പെടെ പുതുതായി സൃഷ്ടിച്ച തസ്തികകളിലുള്ളവർക്ക് തന്നാണ്ടിൽ നൽകേണ്ടതായ ശമ്പളം നൽകുന്നതിനും മൊത്തം എത്ര തുക ആവശ്യമായിവരും; തന്നാണ്ടിലെ ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക ഇവയ്ക്കെല്ലാം പര്യാപ്തമാണോ; വിശദമാക്കാമോ?

ഉത്തരം

(എ) സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം കൊണ്ടുണ്ടാകുന്ന അധിക ബാധ്യത നിറവേറ്റുന്നതിനായി 2015-16 സാമ്പത്തിക വർഷം വിവിധ വകുപ്പുകളുടെ ശമ്പള ശീർഷകങ്ങളിലായി 1750 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ച് ആയത് പഠിച്ചതിനുശേഷം മാത്രമേ കമ്മീഷന്റെ ശിപാർശ അതേപടി നടപ്പിലാക്കുന്നതിന് ആവശ്യമായ തുക എത്രയാണെന്ന് കണക്കാക്കുന്നതിന് സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly